3

DCB



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ

ഡോ. എ എം ഉണ്ണികൃഷ്ണൻ

Volume 3

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)

STUDY
*Edited by* Dr. A. M. Unnikrishnan

Rights Reserved
First Published September 2021

PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

# ഉള്ളടക്കം

## വാല്യം മൂന്ന്

### 11. സാഹിത്യവിമർശവിജ്ഞാനീയം


ഖണ്ഡനവിമർശത്തിന്റെ നീതിബോധം 1813
ഡോ. ആർ ഗോപിനാഥൻ

ക്രിസ്തുമതഛേദനം: ഒരു പുനർവായന 1912
ഡോ. സി ഐ ഐസക്

ആത്മജ്ഞാനത്തിന്റെ ആത്മപ്രകാശനങ്ങൾ 1931
ഡോ. പോൾ മണലിൽ

യുക്തിവിചാരവൈഭവം ക്രിസ്തുമതഛേദനത്തിൽ 1940
ഡോ. എം എസ് പോൾ

യേശുവിന്റെ ദൈവത്വവിശകലനം 1948
ഫാ. വർഗ്ഗീസ് പി ഇടിച്ചാണ്ടി

ക്രിസ്തുമതവ്യാപനചരിത്രവിമർശനം 1957
ഡോ. കെ ഷിജു

യഹോവയുടെ രക്ഷാനിരൂപണം 1961
ഡോ. ഷൈനി തോമസ്

യഹോവയുടെ ദൈവലക്ഷണനിരൂപണം 1966
ഡോ. ഡൊമിനിക് ജെ കാട്ടൂർ

മുക്തിസാധനനിരൂപണം 1979
ഡോ. കുമാർ ജെ.

ആദ്യപാപവിമർശനം 1985
ഡോ. ബെറ്റിമോൾ മാത്യു

എന്തുകൊണ്ട് ക്രിസ്തുമതച്ഛേദനം?
എസ് ശ്രീകുമാർ

മലയാളത്തിലെ ആദ്യഗദ്യനിരൂപണമാതൃക
ഡോ. എം ശ്രീനാഥൻ


## 12. പാഠവിമർശവിജ്ഞാനീയം


വേദാധികാരത്തിന്റെ മലയാളവഴി
ഡോ. എം ശ്രീനാഥൻ

വേദാധികാരനിരൂപണം - പ്രവേശകം
ഡോ. എൻ ഉഷാദേവി

കാലികപ്രസക്തി
ഡോ. പി വി അജികുമാർ

വേദാധികാരനിരൂപണപഠനം
ആചാര്യ എ കെ ബി നായർ

വേദാധികാരം ആർക്ക്?
വൈക്കം വിവേകാനന്ദൻ

സ്മൃത്യാദികളെ ആസ്പദമാക്കി ഒരുപഠനം
ഡോ. രാജിചന്ദ്ര എം.

വൈദികദർശനസാക്ഷാത്കാരം
എ വി രാധാകൃഷ്ണവൈദിക് 2090

അധ്യാരോപ-അപവാദയുക്തിപ്രയോഗങ്ങൾ
ഡോ. ഭുവനേശ്വരിക്കുഞ്ഞമ്മ വി ആർ. 2096

ജഗന്മിഥ്യാദർശനം
ഡോ. ആർ ലക്ഷ്മി 2101

മായാദർശനം
ഡോ. സി എൻ വിജയകുമാരി 2107

ബ്രഹ്മസൂത്രവിശകലനം
ഡോ. കെ മിനി 2115

തത്ത്വമസിമഹാവാക്യോപദേശവിചാരം
ഡോ. ശ്രീജിത്ത് ടി ജി.

# മലയാളത്തിലെ ആദ്യഗദ്യനിരൂപണമാതൃക

**ഡോ. എം ശ്രീനാഥൻ**

ക്രിസ്തുമതച്ഛേദനത്തെക്കുറിച്ച് പഠിക്കുമ്പോൾ പ്രധാനമായി അതു
ണ്ടായ രചനാകാലവും സന്ദർഭവും വിശദമായി മനസ്സിലാക്കേണ്ടതുണ്ട്.
ഏതെങ്കിലും ഒരുസന്ദർഭത്തെ മാത്രം ചുവടുപിടിച്ചുകൊണ്ട് ഈ കൃതിയെ
വിലയിരുത്താനാവില്ല. കൊളോണിയൽകാലത്താണ് ഇതിന്റെ പിറവി.
ഹിന്ദുവിരുദ്ധത പ്രചരിപ്പിച്ചുകൊണ്ടുള്ള ക്രിസ്തുമതപ്രചാരണകാലം, യൂ
റോപ്യൻചിന്താപദ്ധതികൾ പ്രചരിപ്പിക്കുന്ന കാലം, വിദ്യാഭ്യാസവും മാ
ദ്ധ്യമപ്രവർത്തനവും അച്ചടിയും മിഷണറിമാർ നിയന്ത്രിച്ച കാലം, ആധു
നികതയിൽ ഊന്നിക്കൊണ്ടു ഹിന്ദുമതശ്രേണിയിൽ വിള്ളലുണ്ടാകുന്ന
നവോത്ഥാനകാലം, പൊതുമണ്ഡലരൂപവത്കരണം നടക്കുന്നകാലം, സാ
ക്ഷരത പ്രചരിക്കുന്ന കാലം എന്നിങ്ങനെ വിവിധസംഭവവികാസങ്ങളുമായി
ബന്ധപ്പെടുത്തിവേണം ഈ കൃതിയുടെ രചനാകാലത്തെയും സന്ദർഭത്തെ
യും പരിഗണിക്കാൻ. അധിനിവേശചരിത്രവും അധിനിവേശത്തോടുകൂടി
പ്രചരിച്ച ആശയങ്ങളും അധിനിവേശസാംസ്കാരികധൈഷണിക ഇടപെ
ടലുകളും ഈ കൃതിയുടെ രചനയെ സ്വാധീനിച്ചിട്ടുണ്ട്. അതിനാൽ 1890ൽ
പ്രസിദ്ധീകരിച്ചതുകൊണ്ട്, അതാണ് ഇതിന്റെ രചനാകാലം എന്നാണ
മനസ്സിലാക്കിയതെങ്കിൽ, തികച്ചും സാങ്കേതികമായിപ്പോകും. അധിനി
വേശവും ക്രിസ്തുമതപ്രചാരണവും ചേർന്നുസൃഷ്ടിച്ച സാംസ്കാരികാന്തരീക്ഷ
വും ഇവിടെ പ്രധാനമാകുന്നു. അതോടൊപ്പം മലയാളഭാഷയിൽ എഴുതിയ
ഈ കൃതി ഇന്ത്യയിൽ അക്കാലങ്ങളിൽനടന്ന കൊളോണിയൽവിരുദ്ധവും
ക്രൈസ്തവവിരുദ്ധവുമായ വ്യവഹാരഘടനയുമായും ഹിന്ദുമതസ്ഥാപനപ്രവർ
ത്തനങ്ങളുമായും ആഭ്യന്തരഹൈന്ദവസംഘർഷങ്ങളുമായുമെല്ലാം ബന്ധപ്പെ
ട്ടിരിക്കുന്നു (ദിലീപ്മേനോൻ 2015). അതുകൊണ്ട് വിപുലമായ ധൈഷണി
കചരിത്രസന്ദർഭത്തിലാണ് ഈ കൃതിയെ മനസ്സിലാക്കേണ്ടത്.

അനുഭവങ്ങളുടെ പ്രതികരണമായാണ് ഈ കൃതി പിറവികൊണ്ടത്.
കൊളോണിയൽപരിസരവും മിഷണറിപ്രയോഗങ്ങളും ഇന്ത്യയിലാകമാനം
സൃഷ്ടിച്ചെടുത്ത സാംസ്കാരിക, ധൈഷണികാന്തരീക്ഷത്തിൽ പ്രാദേശികമാ
യി ഉയർന്നുവന്ന കൊളോണിയൽവിരുദ്ധതയുടെയും ക്രൈസ്തവവിരുദ്ധതയു
ടെയും പ്രതിരോധത്തിന്റെ വ്യാകരണത്തിനു ഭാരതീയമായ ഒരുമുഖമുണ്ടാ
യിരുന്നു. ബ്രിട്ടീഷ് അധിനിവേശത്തിനുമുൻപു തന്നെ സാംസ്കാരികഭാരതം
തദ്ദേശീയവാമൊഴികളിലും പരിമിതമായി വരമൊഴികളിലും രൂപംകൊണ്ടി
രുന്നു. അതുകൊണ്ടുതന്നെ സമാനസന്ദർഭത്തിലുള്ള പ്രതികരണങ്ങൾക്കും
ചിലസമാനതകൾ കാണാം. ഇതിഹാസങ്ങളും പുരാണങ്ങളും മതധാരകളും

സഞ്ചരിച്ചതുവഴി ആശയങ്ങളുടെയും ഭാവനയുടെയും പ്രതികരണങ്ങളുടെയും സാംസ്കാരികചാർച്ച ദേശരാഷ്ട്രപൂർവമായിത്തന്നെ ഇന്ത്യയെ കൂട്ടിയിണക്കുന്നുണ്ട്. അനുഭവങ്ങളുടെയും പ്രതികരണങ്ങളുടെയും സാംസ്കാരികവും ധൈഷണികവുമായ സന്ദർഭവും ഈ കൃതിയുടെ ചർച്ചയിൽ പ്രധാനമാകുന്നു.

നിരീശ്വരവാദവും യുക്തിവാദവും ജ്ഞാനോദയകേന്ദ്രിതമായ ശാസ്ത്രബോധവും നവോത്ഥാനവുമെല്ലാം 19-ാം നൂറ്റാണ്ടിന്റെ ആശയലോകത്തെ സജീവമാക്കി. ക്രിസ്തീയപ്രചാരണം ശക്തിയായി നടന്നതിനൊപ്പം ക്രിസ്തീയപ്രചാരണത്തിനെതിരായ പ്രചാരണങ്ങളും ഹിന്ദുമതസംരക്ഷണശ്രമങ്ങളും നടന്നിരുന്നു. കൽക്കത്തയിലെ തത്ത്വബോധിനിസഭയും മദ്രാസിലെ സദ്ദർവേദസിദ്ധാന്തസഭയും ഹിന്ദുമതസംരക്ഷണത്തിനായി പ്രവർത്തിച്ചിരുന്നു. ക്രിസ്തുമതത്തിന് എതിരായ പാട്ടുകൾ തമിഴ്നാട്ടിൽ നന്നേപ്രചാരം നേടിയിരുന്നു (ദിലീപ്മേനോൻ2015). അതേകാലത്തുതന്നെ നിരീശ്വരവാദചിന്തയും പ്രചരിച്ചിരുന്നു. അതായത്, നാല് ആശയധാരകൾ വ്യവഹാരത്തിൽ ഉണ്ടായിരുന്നു. ഇസ്ലാംമതധാരയെയും മറ്റുമതധാരകളെയും ഇവിടെ ഒഴിവാക്കുന്നതല്ല; മറിച്ച്, ക്രിസ്തു-ഹിന്ദുമതങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ കേന്ദ്രീകരിച്ചുള്ള പഠനമായതുകൊണ്ടു് പ്രാധാന്യം നല്കുന്നില്ലെന്നേയുള്ളൂ. അക്കാലത്തു മതം ഒരു കേന്ദ്രവ്യവഹാരമായി മാറിയതു ക്രിസ്തുമതപ്രചാരണംകൊണ്ടാണ്.

വൈദേശികമായ മതചിന്തയ്ക്ക് ഇന്ത്യയിൽ വേരുറപ്പിക്കാൻ തദ്ദേശീയ മതങ്ങളെ തള്ളിപ്പറയേണ്ടതും വിമർശിച്ച് ഇടിച്ചുതാഴ്ത്തേണ്ടതും ഒരാവശ്യമായിരുന്നു. ഇതിനനുകൂലമായിരുന്നു കൊളോണിയൽനയങ്ങളും.

പാശ്ചാത്യപൗരസ്ത്യദ്വന്ദ്വത്തെ നിർവചിച്ചുകൊണ്ടാണ് അധിനിവേശസ്വത്വം നിലയുറപ്പിച്ചത്. പൗരസ്ത്യമായതെല്ലാം അന്ധവിശ്വാസങ്ങളും ആത്മീയതയും പാരമ്പര്യവും എന്നിങ്ങനെയുള്ള കള്ളികളിൽപെടുത്തി അവയൊന്നും പാശ്ചാത്യരുടെ യുക്തിബോധത്തിനും മതബോധത്തിനും ആധുനികതയ്ക്കും ചേർന്നവയല്ല അതുകൊണ്ടുതന്നെ പാശ്ചാത്യർ സംസ്കൃതരും പൗരസ്ത്യർ അസംസ്കൃതരുമാണ് എന്ന പ്രത്യയശാസ്ത്രയുക്തിയാണു, നിലപാടാണ് അവർക്കുണ്ടായിരുന്നത്. പാഠാവലീനിർമാണം മുതൽ വിവർത്തനം, പത്രപ്രവർത്തനം, അച്ചടി, ഭരണം തുടങ്ങി എല്ലാറ്റിലും മതധാര പ്രവർത്തിച്ചിരുന്നു. കേവലം ചില ഉദാഹരണങ്ങളിലൂടെ ഇതു വ്യക്തമാക്കാം. 1835 ലെ മെക്കാളെ മിനിട്സ് കൊളോണിയൽഭരണകൂടത്തിന്റെ ഭാഷാനയം വ്യക്തമാക്കുന്നുണ്ട്. തദ്ദേശീയ ഇന്ത്യൻഭാഷകൾ അവികസിതമാണെന്നും അവയിലെ സാഹിത്യം ഇംഗ്ലീഷിലേതിനെ അപേക്ഷിച്ച മൂല്യമില്ലാത്തതാണെന്നും അതുകൊണ്ട് ഇന്ത്യയ്ക്കുവേണ്ടത് ഇംഗ്ലീഷുവിദ്യാഭ്യാസമാണെന്നും ഇതു വ്യക്തമാക്കുന്നുണ്ട്. തദ്ദേശീയഭാഷകളുടെ മേലുള്ള ഭാഷാധിനിവേശനയരേഖയായി ഇതിനെക്കാണാം. ഇന്ത്യക്കാരായിരിക്കുമ്പോൾത്തന്നെ അവർ ചിന്തയിലും താത്പര്യങ്ങളിലും ആംഗലേയമനസ്സിന് ഉടമകളാകുമ്പോഴേ അവർ ആധുനികമനുഷ്യരാവൂ അതിനുവേണ്ടി ഇംഗ്ലീഷുവിദ്യാഭ്യാ

സം നടപ്പിലാക്കുന്ന പദ്ധതിയായിരുന്നു മെക്കാളെ മുന്നോട്ടുവച്ചത്.

ആധുനികമായ ശാസ്ത്രാവബോധത്തെ കുട്ടികളിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 1858ൽ പ്രസിദ്ധീകരിച്ച ഒരുപാഠപുസ്തകമാണ് വിദ്യാമൂലങ്ങൾ. ഭൂലോകവിശേഷങ്ങളായി മതങ്ങളും അധികാരങ്ങളും മറ്റും എന്ന ഒന്നാം അദ്ധ്യായം ആരംഭിക്കുന്നത് ഇങ്ങനെയാണ്:

"സത്യവേദത്തിൽ നാം വായിക്കുന്ന പ്രകാരം, ഭൂമി രൂപമില്ലാത്തതും, ഒഴിയപ്പെട്ടതും; ആഴത്തിന്റെ മുഖത്തെ ഇരുളും ആയിരുന്നു: എങ്കിലും സർവ്വശക്തിയുള്ള ദൈവം ഏകദേശം ഇപ്പോഴത്തെ ആണ്ടിന 5860(5860) വർഷം മുമ്പെ കൽപ്പിച്ചപ്പോൾ; സകലവസ്തുക്കളും അനുസരിച്ചു, വെള്ളങ്ങൾ താഴ്വരയിലേക്കുമാറി കടലുകളായിട്ടുതിരിഞ്ഞു, ഉണങ്ങിയ നിലങ്ങൾ കാണപ്പെട്ടു; അതാത പഴങ്ങൾ കായിക്കുന്ന വൃക്ഷാദികളും, സസ്യങ്ങളും കിളുർത്ത, പക്ഷി, മത്സ്യം, മൃഗജാതികളൊക്കെയും ജീവിക്കയുംചെയ്തു. ഒടുക്കം ദൈവം മനുഷ്യനെ പൊടിയിൽനിന്നു നിർമ്മിച്ചു, ജീവൻതന്ന, നിത്യമായുള്ള ആത്മാവിനെ അവനിൽ ഊതി സകല സൃഷ്ടിയുടെമേൽ അധികാരവും കൊടുത്തു. 'യഹോവ പറഞ്ഞു, അപ്രകാരവും ഉണ്ടായി, അവൻ കല്പിച്ചു, അപ്രകാരം സ്ഥിരമാകയും ചെയ്തു.' മനുഷ്യർ ദൈവത്തെ വേഗം മറുത്തു, ഓരോരുത്തർക്ക 900(900) വർഷം വരെ കാലംകഴിപ്പാൻ ഇട കിട്ടിയതുകൊണ്ടു, തങ്ങളുടെ അവസാന അവസ്ഥയെ വിചാരിക്കാതെ, അവരുടെ സ്വന്തമോഹങ്ങളെ തൃപ്തി ആക്കുവാനായിട്ട അന്വേഷിച്ചതേയുള്ളൂ. ഇതിനാൽ ദൈവം മനുഷ്യരെ ശിക്ഷിപ്പാനായിട്ടും, അവരുടെ സന്തതി നന്നാകുവാൻ ഇട ഇല്ലയോ എന്നും, അറിവകാട്ടുവാനായിട്ടും, ജലപ്രളയത്തെ അയച്ചു. മനുഷ്യജാതിയിൽനിന്നു എട്ടുപേരും, സകല മൃഗങ്ങളും പറവജാതിയിൽനിന്നും, ഈരണ്ടീരണ്ടും നീക്കി, സകല ജീവജന്തുക്കൾ ലോകകാലം 1656ാമാണ്ടു നശിപ്പിക്കപ്പെട്ടു": പാഠാവലികളിലും ബാലസാഹിത്യത്തിലുമൊക്കെ ക്രിസ്തുമത ആശയങ്ങൾനിറഞ്ഞിരിക്കുന്നതായി പരിശോധനയിൽ വ്യക്തമാകുന്നു.

നവീനപാഠപുസ്തകങ്ങളുടെ തുടക്കം ഗുണ്ടർട്ട് 1843ൽ തയ്യാറാക്കിയ പാഠാരംഭത്തിൽനിന്നാണ്. 1847ൽ പുറത്തിറങ്ങിയ പശ്ചിമോദയത്തിൽ ഭാഷയിലൂടെയുള്ള വിജ്ഞാനവിനിമയത്തിന്റെ നയം ഗുണ്ടർട്ട് വ്യക്തമാക്കുന്നുണ്ട്. 'വെളിച്ചം പൂർവദിക്കിൽനിന്നു മാത്രമല്ല പശ്ചിമത്തിൽനിന്നു വരുന്നതും ആശ്ചര്യംതന്നെ. ഈ കേരളം ദൈവവശാൽ ഇംഗ്ലീഷുകാർക്കു അധീനമായിവന്നതിനാലോ ഈ നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറ്റിൽനിന്നു ഇങ്ങോട്ടു കടന്നുവരുവാൻ ഒരു പാലമുണ്ടായിരിക്കുന്നു. ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും ഒഴികെ പിലാത്തിയിൽ നടക്കുന്ന പലതും ഉണ്ട്. രണ്ടുവകക്കും തമ്മിൽ വളരെ ഭേദം ഉണ്ടുതാനും. പരമാത്മ ജീവാത്മാ തുടങ്ങിയുള്ള മർമോപദേശങ്ങളെ ധ്യാനിച്ച് ഓരോന്നു മറ്റുമുണ്ടാക്കി ദിവ്യശ്ലോകങ്ങളെ ചമച്ചു വിദ്വാന്മാരെ രസിപ്പിക്കുന്നത് ഹിന്ദുജ്ഞാനത്തിൽ മര്യാദതന്നെ. കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു

കുട്ടികളുടെ ഉപകാരത്തിനായി ഗദ്യമാക്കി പറയുന്നതു പിലാതിജ്ഞാന ത്തിന്റെ ലക്ഷണമത്രേ. ഈ വക വായിപ്പാനാഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മസാന്തോറും പിലാത്തി ശാസ്ത്രങ്ങളിനിന്നു പറ്റുന്നതു ഒരോന്ന് എടുത്തു ഇതിൻകിഴിൽ കാണിച്ചമാതിരിയായി മലയാളികൾക്കു തൊന്നു വാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ളവർക്കയക്കുകയും ചെയ്യും' (1847:02). മേൽപ്രസ്താവന തന്നെയാണ് പിലാത്തിവിജ്ഞാനത്തി ന്റെ ഇറക്കുമതിനയം വെളിപ്പെടുത്തിയത്. അക്കാലത്തെ വൈജ്ഞാനിക ഭാഷാസൂത്രണത്തിന്റെ ചിത്രമാണ് ഇതിലൂടെ വ്യക്തമാകുന്നത്. തദ്ദേശീയ ശാസ്ത്രത്തിനു മുകളിൽ ആധുനികപാശ്ചാത്യജ്ഞാനത്തെ പ്രതിഷ്ഠിക്കുന്ന നയമാണ്.

കൊളോണിയൽലോകബോധത്തെ ഉൾക്കൊള്ളാനും അംഗീകരി ക്കാനും ഉതകുന്ന തരത്തിലുള്ള പാഠപുസ്തകങ്ങളായിരുന്നു ആസൂത്രണം ചെയ്തത്. പാശ്ചാത്യാധുനികതയുടെ സ്വഭാവം ഉൾക്കൊണ്ടു ജീവിക്കുന്നതി ലേക്കുള്ള മാർഗരേഖകളായാണു പാഠപുസ്തകങ്ങൾ രൂപകല്പന ചെയ്തത്. പാശ്ചാത്യകേന്ദ്രിതവീക്ഷണം സ്വാഭാവികമാക്കി മാറ്റുകയായിരുന്നു പാഠപു സ്തകങ്ങൾ എന്ന് കെ എൻ പണിക്കർ (2004) നിരീക്ഷിച്ചതിന്റെ പൊരുളും ഇതുതന്നെയാണ്.

ഹിന്ദുമതദൂഷണം ഒരു മേഖലയായിത്തന്നെ മാറിയിട്ടുണ്ടായിരുന്നു. ദേ വീദേവന്മാരെ പേര് എടുത്തുപറഞ്ഞ് ആക്ഷേപിക്കുന്ന തരത്തിൽ പോലും രചനകളുണ്ടായിട്ടുണ്ട്. ക്രിസ്തുമതഛേദനത്തിന്റെ പൂർവപീഠികയിൽ ഇത്ത രത്തിലുള്ള ചിലഗ്രന്ഥങ്ങളെ പരാമർശിക്കുന്നുണ്ട്. ഇവയല്ലാതെ ഗുണ്ടർട്ടു പോലും സഞ്ചാരിയുടെ പ്രയാണം തുടങ്ങി പലഗ്രന്ഥങ്ങളിലും പ്രത്യക്ഷവും പരോക്ഷവുമായ രീതിയിൽ ഹിന്ദുദൈവനിന്ദ പ്രകടിപ്പിച്ചിട്ടുണ്ട് (സ്കറിയാ സക്കറിയ (2015), എം ആർ രാഘവവാര്യരുടെ കേരളസമൂഹം ഒരു മിഷണ റിപ്രതിഛായ (2015).

അച്ചടിയുടെ കുത്തകാവകാശം ബാസൽമിഷനിലും ചർച്ച് മിഷൻ സൊസൈറ്റിയിലും നിക്ഷിപ്തമായിരുന്നകാലത്തു ക്രിസ്തീയപുസ്തകങ്ങളുടെ പ്രവാഹമായിരുന്നു. ആദ്യകാലത്തു മലയാളം അച്ചടി റോമിലാണു നടന്ന ത്. ബോംബെ കുരിയർപ്രസ്സിലും പിന്നീട് ബാസൽമിഷനും (മംഗലാപുരം) സിഎംഎസ് (കോട്ടയം) എന്നീ പ്രസ്സുകളിലുമായിട്ടാണ് ആദ്യകാലമല യാളംഅച്ചടി പുരോഗമിച്ചതെന്നു മലയാളഅച്ചടിചരിത്രംവെളിവാക്കുന്നു. 1890വരെ 90 ഗ്രന്ഥങ്ങൾ ക്രിസ്തുമതവുമായി ബന്ധപ്പെട്ടു മലയാളത്തിലെ ത്തിയിരുന്നു (ഗ്രന്ഥപ്പുര shijualex. in). (ജനോവപർവം 1704, നസ്രാണികൾ ക്കും ഒക്കക്കും അറിയേണ്ടുന്ന സംക്ഷേപവേദാർത്ഥം I, II 1772, മത്തായിയു ടെ എവൻഗെലിയൻ 1825, ഓരോരുത്തൻ തനിച്ചു പ്രത്യേകം ചെയ്യേണ്ടുന്ന പ്രാർത്ഥനകൾ 1836, സങ്കീർത്തനങ്ങളുടെ പുസ്തകം 1839, ഒന്നാംചോദ്യോ ത്തരങ്ങളും പ്രാർത്ഥനകളും 1840, ഗീതങ്ങൾ 100 1842 മലയാളത്തിലുള്ള കാറ്റിസം 1843. സത്യവെദഇതിഹാസം 1844 ദൈവവിചാരണ 1845 മത

വിചാരണ 1846........... യുയോമയആത്മഗീതങ്ങൾ 1891). പലതിനും രണ്ടാം പതിപ്പും ഇറങ്ങിയിരുന്നു. ഈ കാലഘട്ടത്തിൽ ഭാഗികമോ പൂർണമോ ആയ 16 ബൈബിൾവിവർത്തനങ്ങൾ (റമ്പാൻബൈബിൾ, പഴയനിയമം പുതിയനിയമം (ബെഞ്ചമിൻ ബെയ്‌ലി, ഹെർമൻ ഗുണ്ടർട്ട്), ബൈബിൾ വിശുദ്ധവേദം........) മലയാളത്തിൽ ലഭ്യമായിരുന്നു (ജോസഫ് കോയിപ്പള്ളി 2015). അച്ചടിമേധാവിത്വം മിഷണറിമാരുടെ നേതൃത്വത്തിൽ ആയിരുന്നതുകൊണ്ടും അവർക്കു മതപ്രചാരണം മുഖ്യലക്ഷ്യമായിരുന്നതുകൊണ്ടും കൊളോണിയൽഭരണകൂടസഹായം ലഭ്യമായിരുന്നതുകൊണ്ടും ക്രിസ്തുമത സാഹിത്യം വളരെവിപുലമായി പ്രചരിപ്പിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നു. ഹിന്ദുമതസാഹിത്യം സമാനമായി പ്രചരിച്ചിരുന്നില്ല. എന്നുമാത്രമല്ല, ഹസ്തലിഖിതങ്ങളിൽ നിലനിന്നവയ്ക്ക് എളുപ്പത്തിൽ അച്ചടിയിലെത്താനുള്ള സാങ്കേതികസഹായവും ലഭ്യമായിരുന്നില്ല. അതിലേറെ പ്രകടമായിരുന്ന സംഗതി അവയെല്ലാം വരേണ്യസാക്ഷരരുടെ സ്വകാര്യമുതലുകളായിരുന്നു എന്നതാണ്. ഉള്ളതുതന്നെ പദ്യരൂപത്തിലുമായിരുന്നു. മിഷനറിഗദ്യം വികസിച്ച വേഗത്തിൽ ഹിന്ദുമതഗദ്യവ്യാപനം ഉണ്ടായില്ല. അക്ഷരം ജനകീയമാക്കുന്നതിനു തയ്യാറല്ലാതിരുന്ന വരേണ്യസാമൂഹികാനീതി കാരണം ഹിന്ദുമതസാഹിത്യം ജനകീയമായിരുന്നില്ല എന്നു ചുരുക്കം.

പ്രസ്തുതകാലത്തെ ക്രിസ്തുമതസാഹിത്യം പരിശോധിച്ചാൽ രണ്ടുധാരകൾ പ്രധാനമായി കാണാം. ഒന്ന്, ക്രിസ്തുമതത്തിന്റെ മലയാളീകരണം ഉറപ്പുവരുത്തുന്ന ബൈബിൾവിവർത്തനങ്ങളും അനുബന്ധസാഹിത്യനിർമിതികളും. രണ്ട്, ഹിന്ദുക്രിസ്ത്യൻസംവാദങ്ങളടങ്ങുന്ന ഹിന്ദുദൂഷണസാഹിത്യം എന്നിവയാണവ. ഹിന്ദുദൂഷണസാഹിത്യത്തെകുറിച്ചു ക്രിസ്തുമതഛേദനത്തിന്റെ പൂർവപീഠികയിൽ ഇപ്രകാരം കാണുന്നു: 'ക്രിസ്തുമതസ്ഥരായ പാതിരിമാർ മുതലായ ഓരോരോ കുക്ഷിംഭരികൾ നമ്മുടെ ഹിന്ദുമതത്തെയും ഈശ്വരനെയും ശ്രുതി, സ്മൃതി മുതലായ ആപ്തവാക്യങ്ങളെയും ന്യായം കൂടാതെ ദൂഷിച്ചും അജ്ഞാനകുഠാരം, ത്രിമൂർത്തിലക്ഷണം, കുരുട്ടുവഴി, മറുജന്മം, സൽഗുരുലാഭം, സത്യജ്ഞാനോദയം, സമയപരീക്ഷ, ശാസ്ത്രം, പുല്ലേലിക്കുഞ്ചു മുതലായ ദൂഷണപുസ്തകങ്ങളെ അച്ചടിപ്പിച്ചു' പ്രസിദ്ധംചെയ്തു. ദൂഷിപർവം പൊതുവെ ഹിന്ദുമതത്തെ ദൂഷിക്കുന്നതും ദേവീദേവന്മാരെ പേരെടുത്തുപറഞ്ഞ് ആക്ഷേപിക്കുന്നതും ആണെന്നു രാഘവവാര്യർ ചൂണ്ടിക്കാട്ടുന്നു (2015). മലയാളഭാഷയുടെ വളർത്തച്ഛൻ എന്നറിയപ്പെടുന്ന ഗുണ്ടർട്ടുപോലും അവസരങ്ങളുണ്ടാക്കി ഹിന്ദുമതവിചാരണയും നിന്ദയും നടത്തിയിട്ടുണ്ട്. സഞ്ചാരിയുടെ പ്രയാണം, നളചരിതസാരപരിശോധന, ദൈവവിചാരണ തുടങ്ങിയുള്ള ഗ്രന്ഥങ്ങളിലെല്ലാം സംവാദരീതിയിലും അല്ലാതെയും ഹിന്ദുമതവിദ്വേഷവും നിന്ദയും അദ്ദേഹം ചെയ്തിരുന്നുവെന്നുകാണാം രാഘവവാര്യർ (2015). ക്രിസ്തുമതസാഹിത്യനിർമിതിയിലൂടെ വഴക്കമായിത്തീർന്ന ഗദ്യസംസ്കാരം വിനിമയത്തിന്റെ ശക്തമായ വിനിമയമാതൃകയായി വളർന്നു. ഈ വിനിമയസംസ്കാരം ക്രിസ്തുമതാശയങ്ങളെ പൊതുമണ്ഡലത്തിൽ പ്രചരിപ്പിക്കാൻ കൂടുതൽ

പ്രേരകമായി. അക്കാലത്തു പ്രതിരോധവിനിമയം ഏതാണ്ട് സഞ്ചയശൂന്യതകൊണ്ട് അഭാവം തെളിയിച്ചിരുന്നു. എങ്കിലും പാതിരിപ്രസംഗങ്ങളുമായി ബന്ധപ്പെട്ടു തെരുവുവഴക്കുകൾ സാധാരണമായിരുന്നു. 1896ൽ ചെങ്ങന്നൂർ ജില്ലാ മജിസ്ട്രേട്ട് ക്ഷേത്രപരിസരത്തുവച്ചുനടക്കുന്ന പാതിരിപ്രസംഗങ്ങളെ നിരോധിക്കാനുണ്ടായ കാരണം ഇത്തരം വഴക്കുകളായിരുന്നു.

വർദ്ധിച്ച ക്രിസ്തുമതപ്രചാരണം മതപരിവർത്തനത്തിനു സഹായകമായതിനെക്കാൾ ശ്രേണീകൃതഹിന്ദുമതധാരയെ കൂടുതൽ മതാത്മകമാക്കിയെന്നും തിരിച്ചറിയേണ്ടതുണ്ട്. ശ്രേണീകൃതമായിരുന്ന സാമൂഹികഘടനയിൽ, മതാചാരം കൂടുതൽ ബ്രാഹ്മണീയമായിരുന്നതിനാൽ മതസംബന്ധമായ കാര്യങ്ങളും ക്ഷേത്രകേന്ദ്രിതാചാരങ്ങളും ബ്രാഹ്മണർ നിയന്ത്രിച്ചിരുന്നു. അതു കാരണം ശൂദ്രർക്കു മതകാര്യങ്ങളിൽ അമിതതാത്പര്യം ഉണ്ടായിരുന്നില്ല. ചാതുർവർണ്യഘടനയിൽ പെടാത്ത അവർണവിഭാഗങ്ങൾക്കു മതം കാര്യമായിരുന്നുമില്ല. ക്രിസ്തുമതപ്രചാരണശ്രമങ്ങൾപോലെ ഹിന്ദുമതത്തിന്റെ പ്രചാരത്തിനായി സംഘടിതശ്രമങ്ങൾ അക്കാലത്തുണ്ടായിരുന്നില്ല. വാമൊഴിവഴക്കങ്ങളായി കേട്ടുപതിഞ്ഞ കഥകളുടെ ആഖ്യാനഓർമകൾക്കപ്പുറം പ്രാമാണികഗ്രന്ഥങ്ങൾ പരിശോധിച്ചിട്ടോ ആശയങ്ങളുടെ യുക്തിവിചാരത്തിലൂടെയോ ഒന്നും അല്ല ഹിന്ദുമത ആശയധാരകളുടെ അക്കാലത്തെ വേരോട്ടം. കൂടാതെ ഹിന്ദുമതാരാധന അവകാശക്രമത്തിൽ വരാത്ത ഒന്നുമായിരുന്നു. കഥകളായാണു പലതും കേട്ടിരുന്നത്. പാതിരിമാരും കഥപറച്ചിലുകാരായിരുന്നു. ആ കഥയും കേട്ടിരുന്നുവെന്നതിനപ്പുറം മലയാളസമൂഹം താതമ്യപ്പെടുത്തി ക്രിസ്തുമതം ഹിന്ദുമതത്തെക്കാൾ നല്ലതാണെന്നു വിശ്വസിക്കുകയോ തിരിച്ചുവിശ്വസിക്കുകയോ ഒന്നും ഉണ്ടായിരുന്നില്ല. പലപ്പോഴും പരിഹാസത്തോടെയും സഹതാപത്തോടെയുമാണു തെരുവുപ്രസംഗങ്ങളെയും പ്രസംഗകരെയും നോക്കിക്കണ്ടത്. ഒരുതരത്തിൽ നിർമമതാവിനിമയമായിരുന്നുവെന്നുപറയാം. ഉത്തേജിപ്പിക്കുന്നതല്ലെന്നു മാത്രമല്ല നിഷ്ക്രിയവുമാണ്. എന്നാൽ ആവർത്തനത്തിലൂടെ സാമൂഹികാവസ്ഥകളെക്കുറിച്ചും അവകാശമില്ലായ്മയെസ്സംബന്ധിച്ചുമുള്ള ചില ആശയങ്ങൾ സ്വീകരിക്കപ്പെട്ട് അതു ഭൗതികസഹായങ്ങൾക്കൊപ്പമായപ്പോൾ മതപരിവർത്തനം നടന്നു. അപ്പോഴും കാലകാലങ്ങളിലായി നിലനിന്നിരുന്ന തദ്ദേശീയവിശ്വാസങ്ങളിൽനിന്ന് അകലാനുള്ള മാനസികതയ്യാറെടുപ്പും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ക്രിസ്തുമതത്തിനു തദ്ദേശീയമായ വിട്ടുവീഴ്ചകളും വേണ്ടിവന്നു. മതം ഒരു വരേണ്യവ്യവഹാരമായി നിലനിന്നിരുന്ന സന്ദർഭത്തിലാണു ക്രിസ്തുമതപ്രചാരണംവഴി മതം ഒരുസ്വത്വചിഹ്നമായി ഉയർന്നുവന്നത്. ഇതു മതപരിവർത്തനത്തിനു വഴിയൊരുക്കിയതുപോലെ ഹിന്ദുമതത്തിന്റെ ശൂദ്രവത്കരണത്തിനും അവർണീകരണത്തിനും പാതതുറന്നു. കേരളനവോത്ഥാനത്തിൽ ശ്രീനാരയണഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും സംഭാവനകൾ ഇവിടെ ഓർക്കാവുന്നതാണ്. അഹിന്ദുമതങ്ങളോടുള്ള പൊ

ുസമീപനം ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും രൂപപ്പെടുത്തിയതു സ്വദേശീയസാംസ്കാരികസംരക്ഷണത്തെ അധിനിവേശസാംസ്കാരികപ്രതിരോധമായി ഉയർത്തിക്കൊണ്ടാണ്. ഹിന്ദുമതത്തിൽ നിലനില്ക്കുന്ന ആഭ്യന്തരപ്രശ്നങ്ങളെ മുൻനിറുത്തി വൈദേശികമതങ്ങളെ സ്വീകരിക്കുകയല്ല പരിഹാരം; മറിച്ച്, ഹിന്ദുമതത്തെ ജനകീയവത്കരിക്കുകയാണു വേണ്ടതെന്നും അവർക്കുറപ്പുണ്ടായിരുന്നു. അതിലൂടെ അധിനിവേശസാംസ്കാരികപ്രതിരോധം സാദ്ധ്യമാക്കാനാണ് അവർ ശ്രമിച്ചത്. അതായതു് ക്രിസ്തുമതപ്രചാരണവഴികൾ ഹിന്ദുമതത്തിന്റെ ജനകിയവത്കരണത്തെയും സ്വാധീനിച്ച രാസത്വരകമായിരുന്നുവെന്നു പറയാം. അതുകൊണ്ടുതന്നെയാണ് ക്രിസ്തുമതപ്രചാരകരുടെ ഹിന്ദുവിരുദ്ധതയെ പ്രകടമായി അംഗീകരിക്കാൻ വലിയ ജനസഞ്ചയം മുന്നോട്ടുവരാത്തത്. അവരെ അംഗീകരിച്ചവർ ഭൗതികലാഭവും സാമൂഹികവിമോചനവും സാദ്ധ്യതയാക്കിയവരാണ്. ഏകദൈവാരാധന മുൻനിറുത്തി ശൈവിസത്തിനു ദക്ഷിണേന്ത്യയിൽ കൂടുതൽ പ്രചാരം കൈവരാനും ക്രിസ്തുമതപ്രചാരണം കാരണമായിട്ടുണ്ട്. ക്രിസ്തുമതഛേദനം ആരംഭിക്കുന്നതും സ്വാമികൾ കത്തെഴുതുമ്പോഴെല്ലാം കുറിക്കുന്നതും 'ശിവമയം' എന്ന പരാമർശത്തോടെയാണ്.

എഴുത്തിനോടൊപ്പം പണ്ഡിറ്റുമാരുമായുള്ള സംവാദങ്ങളിലും മിഷണറിമാർ പങ്കെടുത്തിരുന്നു. ബോംബെയിലും ട്രാൻക്യുബേറിലും വച്ചുനടന്ന ഇത്തരം സംവാദങ്ങളെ ദിലീപ്മേനോൻ (2015) പരാമർശിക്കുന്നുണ്ട്. ഇവയ്ക്കൊപ്പം പ്രാധാന്യമർഹിക്കുന്നതാണു തെരുവോരപാതിരിപ്രഭാഷണങ്ങൾ.

ക്രിസ്തുമതപ്രചാരണത്തിന്റെ വാമൊഴിവിനിമയപ്രയോഗമായി തെരുവോരപാതിരിപ്രസംഗങ്ങളെ കാണാം. ക്രിസ്തുമതാശയങ്ങളോടൊപ്പം ഹിന്ദുമതദൂഷണവും ജാതിശ്രേണിയിലൂടെ നടക്കുന്ന അവകാശനിഷേധങ്ങളും ചേർത്ത് അവതരിപ്പിക്കുന്ന രീതിയാണിതിന് അവർ അവലംബിച്ചത്. ചുരുക്കത്തിൽ അന്നത്തെ പൊതുമണ്ഡലത്തിൽ ക്രിസ്തുമതാശയങ്ങളുടെ പ്രവാഹവും ഹിന്ദുമതനിന്ദയും വ്യവഹാരമൂലധനമായിരുന്നുവെന്നു കാണാം. ഈ പ്രവണതയെ എതിർത്തുള്ള പ്രതികരണവ്യവഹാരങ്ങൾ പ്രതിരോധമായി ഉയർന്നുവന്നിട്ടുണ്ട്. ദിലീപ്മേനോൻ (2015) 1830 മുതലുള്ള എതിരഭിപ്രായങ്ങളായ പ്രതിയോഗവ്യവഹാരങ്ങളെ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇവയിൽ പ്രധാനമായി ക്രിസ്തുമതാശയങ്ങളുടെ യുക്തിരാഹിത്യം വെളിപ്പെടുത്തിക്കൊണ്ടുള്ള ചോദ്യങ്ങളാണ് ഉയർന്നുവന്നതെന്നു കാണാം. ഇവയെല്ലാം സമാനമായി ക്രിസ്തുമതഛേദനത്തിലും സൂക്ഷ്മവും വിപുലവുമായി കാണുന്നുണ്ട്. ഈ വിമർശങ്ങളെയെല്ലാം പരിശോധിച്ചാൽ താർക്കികവും യുക്തിനിഷ്ഠവുമായ സമാനാടിസ്ഥാനം തെളിയും. അതാകട്ടെ ഭാരതീയസംവാദപാരമ്പര്യത്തെ ഓർമിപ്പിക്കുന്നുണ്ട്. യുക്തി, പ്രമാണം, അനുഭവം, സമാധാനം, നിഷേധം എന്നിങ്ങനെയുള്ള പൊതുസംവാദക്രമം ഇവയിലുണ്ട്. ക്രിസ്തുമതഛേദനത്തിൽനിന്ന് ഇതു വ്യക്തമാകുന്നു.

## ഇന്ത്യയുടെ സംവാദപരമ്പര്യം

സംവാദവും വാദപ്രതിവാദവും വിചാരണയും ഇന്ത്യയുടെ വ്യവഹാര പാരമ്പര്യത്തിൽ നിർണായകമായ സാന്നിദ്ധ്യമാണ്. ഈ പാരമ്പര്യത്തെ ക്കുറിച്ച് അമർത്യാസെൻ ദി ആർഗ്ഗുമെന്റേറ്റിവ് ഇന്ത്യൻ (2005) എന്ന പു സ്തകത്തിൽ സവിസ്തരം വ്യക്തമാക്കിയിട്ടുണ്ട്. വാദത്തിൽ പൂർവ്വപക്ഷവും ഉത്തരപക്ഷവുമുണ്ട്. സംവാദം, വാദം, ജല്പം, വിതാന്തം എന്നിങ്ങനെ വിവി ധനിലകളിലുള്ള സംവാദങ്ങളുണ്ട്. ന്യായസൂത്രത്തിൽ ബഹുമുഖമായ സം വാദരീതികളെ അവതരിപ്പിക്കുന്നുണ്ട്. ഹേതുവിദ്യ അഥവാ ഹേതുശാസ്ത്രം കാര്യകാരണവിചാരണയാണ്. തർക്കം, യുക്തി, പ്രമാണം നിർണയം എന്നിങ്ങനെ വിവിധഘട്ടങ്ങളിലൂടെയാണ് തർക്കവിദ്യ പൂർണമാകുന്നത്. ന്യായദർശനത്തിൽ പ്രമാണത്തിന്റെ വിശകലനാത്മകപരിശോധനയില്ലൂ ടെ ശരി കണ്ടെത്തലാണ ലക്ഷ്യം. ശരിയെ വേർതിരിച്ചെടുക്കാൻ കഴിയുന്ന തുകൊണ്ടു മോക്ഷസാധന എന്നും ഈ രീതി അറിയപ്പെടുന്നു. ഇത്തരത്തി ലുള്ള തർക്കരീതിയിലൂടെ ശരിനിർണ്ണയം നടത്തുന്ന ഭാരതീയരീതിശാസ്ത്രം അടിസ്ഥാനമാക്കി യുക്തിവിചാരണ ചെയ്താൽ ഏതുവ്യവഹാരത്തിന്റെയും പ്രമാണത്തിന്റെയും ശരിയുക്തികൾ അരിച്ചെടുക്കാം. ഈ ഖണ്ഡനരീതിശാ സ്ത്രമാണ സ്വാമികൾ എല്ലാരചനകളിലും പ്രയോജനപ്പെടുത്തിയിരിക്കുന്നത്. വസ്തുനിഷ്ഠതയും യുക്തിനിഷ്ഠതയും ആധുനികതയുടെ ഭാഗമായ ജ്ഞാനോദ യപാരമ്പര്യമാണെന്നാണ് അവകാശവാദം. അതുകൊണ്ടുതന്നെ കൊളോ ണിയൽഭരണക്കൂടസഹായത്തോടെ പ്രചരിപ്പിക്കുന്ന ക്രിസ്തുമതാശയങ്ങളുടെ യുക്തിവിചാരണയെ അംഗീകരിക്കാതിരിക്കാൻ ആധുനികതയ്ക്കു കഴിയില്ല. എന്നാൽ അത്തരം യുക്തിവിചാരണകളെ അവർ ഏറ്റെടുത്തു എന്നുപറയാ നാവില്ല. പാശ്ചാത്യയുക്തിബോധത്തെത്തന്നെ നവീകരിക്കാൻ ഭാരതീ യഹേതുവിചാരണയ്ക്കു കഴിയുമെന്നത് അംഗീകരിക്കാൻ അവർക്കാവില്ല. ഇവിടത്തെ ശാസ്ത്രചിന്തയെ ശാസ്ത്രമായി പാശ്ചാത്യർ അംഗീകരിച്ചില്ല. അതുകൊണ്ടുതന്നെ ഈ പരിശോധനയ്ക്ക് മതവിചാരണയ്ക്കുപരിയായ പ്രാധാ ന്യവും ഉള്ളതുകൊണ്ട് ധൈഷണികമായ ഇടപെടലായിരുന്നു സ്വാമികളുടേ ത് എന്നുതന്നെ സമ്മതിക്കേണ്ടിവരും.

ക്രിസ്തുമതത്തിന്റെ തത്ത്വത്തെ ഏഴകളായിരിക്കുന്ന ജനങ്ങളുടെ ഹൃദ യത്തിൽ ധരിപ്പിക്കുന്നതിനായിട്ടാണ് ഈ കൃതി രചിച്ചിരിക്കുന്നതെന്നു പൂർ വപീഠികയിൽ കാണുന്നു. ശ്രീമദ് വിദ്യാനന്ദതീർത്ഥപാദരുടെ അഭിപ്രായം ഇങ്ങനെയാണ്: 'ബ്രിട്ടീഷുകാരുടെ ഭരണം വന്നപ്പോഴും പാതിരിപ്രസ്ഥാനം (ക്രിസ്ത്യൻ) പൂർവ്വാധികം ശക്തിപ്പെടുകതന്നെ ചെയ്തു. ക്ഷേത്രാരാധനയ്ക്കു പോകുന്ന ഭക്തന്മാരായ ഹിന്ദുക്കളെ തടഞ്ഞുനിറുത്തി 'പിശാചിനെ തൊ ഴാൻപോകരുതെന്നും സത്യദൈവമായ ദൈവത്തെ വിശ്വസിച്ച തങ്ങളുടെ മതത്തിൽ ചേരണ'മെന്നും പാതിരിമാർ ധൈര്യമായി പ്രസ്താവിക്കുമായിരു ന്നു. അവരുടെ പ്രഖ്യാപനത്തെ എതിർക്കുന്നതിനോ നിരുത്സാഹപ്പെടുത്തു

ന്നതിനോ അന്നു ഹിന്ദുക്കളിൽ ആരുംതന്നെ മുന്നോട്ടുവന്നില്ല. ആ ചുറ്റുപാടിലാണു പരമഭട്ടാര ശ്രീചട്ടമ്പിസ്വാമികൾ ഷണ്മുഖദാസൻ എന്ന പേരുവച്ച് ക്രിസ്തുമതഛേദനമെന്ന പുസ്തകം എഴുതി അച്ചടിപ്പിച്ചുപ്രസിദ്ധപ്പെടുത്തിയത്. ഇത് 1070-മാണ്ടിനിടയ്ക്ക് ആയിരുന്നുവെന്നാണറിവ്. ഏറ്റുമാനൂർ ഉത്സവത്തിനു കൂടുന്ന ഹിന്ദുക്കളെ സുവിശേഷപ്രസംഗം കേൾപ്പിക്കാൻ അന്നു കോട്ടയത്തുനിന്നു ക്രിസ്ത്യൻമിഷണറിമാർ ഏറ്റുമാനൂർക്ഷേത്രത്തിന്റെ മുന്നിൽ വരുക പതിവായിരുന്നു. അങ്ങനെയുള്ള ഘട്ടത്തിൽ കാളിയാങ്കൽ നീലകണ്ഠപ്പിള്ള എന്ന മാന്യനെ 'ക്രിസ്തുമതഛേദനം' എഴുതിക്കൊടുത്തു പഠിപ്പിച്ച് ഏറ്റുമാനൂർക്ഷേത്രപരിസരത്തിൽവച്ച് ആദ്യമായി സ്വാമിതിരുവടികൾ പ്രസംഗിപ്പിച്ചു. തുടർന്നു ടി നീലകണ്ഠപിള്ളയും കരുവാ കൃഷ്ണനാശാനും കേരളമൊട്ടുക്ക സഞ്ചരിച്ചു ക്രിസ്തുമതഛേദനത്തിലെ ആശയങ്ങൾ പ്രചരിപ്പിച്ചു പാതിരിപ്രസ്ഥാനത്തെ കുറെയെല്ലാം സ്തംഭിപ്പിച്ചു. 'മേൽ പരാമർശിച്ച പ്രസ്താവനയിൽനിന്ന്, പാതിരിമാരുടെ ഹിന്ദുമതദൂഷണത്തെ പ്രതിരോധിക്കുകയെന്നും പാതിരിപ്രസ്ഥാനത്തെ സ്തംഭിപ്പിക്കുകയെന്നും രണ്ടുദ്ദേശ്യങ്ങൾ ക്രിസ്തുമതഛേദനത്തിന്റെ രചനയ്ക്കുപിന്നിൽ സ്വാമികൾക്കുണ്ടായിരുന്നുവെന്നാണു മനസ്സിലാകുന്നത്.'

ചരിത്രത്തിന്റെ ഇങ്ങേത്തലയ്ക്കൽനിന്നു ക്രിസ്തുമതഛേദനം എന്ന കൃതിയെ മേല്പറഞ്ഞ ഉദ്ദേശ്യങ്ങളുമായി കൂട്ടിയിണക്കിനോക്കുമ്പോൾ കൃതിയുടെ മൂല്യത്തിന് അപചയം വന്നുവെന്നു പറയേണ്ടിവരും. എന്നാൽ ഈ ഉദ്ദേശ്യങ്ങൾ മാത്രമായിരുന്നോ ക്രിസ്തുമതഛേദനം എന്ന കൃതി പങ്കിടുന്നത്? അല്ലേയല്ല എന്നുതന്നെക്കാണാം.

ക്രിസ്തുമതം ഒരുമതമെന്നതിലുപരി അധിനിവേശസംസ്കാരമാണ്; ലോകവീക്ഷണമാണ്. പൗരസ്ത്യർക്കിടയിൽ അതൊരു പാശ്ചാത്യസാംസ്കാരികാധിനിവേശമാണ്. അതിലുപരി ശാസ്ത്രയുക്തി പ്രചരിപ്പിച്ച് അസംസ്കൃതരായ ഇന്ത്യക്കാരെ സംസ്കൃതരാക്കാനുള്ള അധിനിവേശതന്ത്രങ്ങളിൽ പ്രധാനമാണു പ്രേഷിതവൃത്തി. ക്രിസ്തീയതയും ആധുനികതയും ഒന്നാണ് എന്ന പ്രചാരണമാണ് ഇതുവഴി സാധുവാക്കിയത്. ഇന്ത്യ സാംസ്കാരികമായും ലോകവീക്ഷണപരമായും പാശ്ചാത്യരുടെ അത്ര സംസ്കൃതരല്ല. അവരെ സംസ്കൃതരാക്കാൻ ഏകവഴി തങ്ങളുടെ ലോകവീക്ഷണത്തിലേക്കെത്തിക്കുകയാണ്. അതിനായി പാശ്ചാത്യശാസ്ത്രത്തെയും മതയുക്തിയെയും ഇംഗ്ലീഷുഭാഷയെയും പ്രചരിപ്പിക്കുക എന്നതുമാത്രമാണ് പോംവഴി എന്ന് അധിനിവേശശക്തികൾ വിശ്വസിക്കുകയും നടപ്പാക്കുകയും ചെയ്തു. അധിനിവേശകരുടെ വിഭവചൂഷണം നീതിമത്കരിക്കുന്നത് അവർ നമ്മെ സംസ്കൃതരാക്കാനുള്ള പരിപാടികളാണു നടപ്പാക്കുന്നതെന്നു നമ്മെ വിശ്വസിപ്പിച്ചുകൊണ്ടാണ്. അവരുടെ ശാസ്ത്രവും ലോകവീക്ഷണവുമെല്ലാം അടിസ്ഥാനമാക്കുന്നത് ക്രിസ്തീയയുക്തികളിലാണ്. അതുകൊണ്ടുതന്നെ അധിനിവേശയുക്തികളെ ചെറുക്കണമെങ്കിൽ അവയുടെ പ്രത്യയശാസ്ത്രാടിസ്ഥാനത്തെ പ്രതിരോധിക്കേ

ണ്ടതുണ്ട്. ഈ ബോദ്ധ്യം സ്വാമികൾക്കുണ്ടായിരുന്നു.

ക്രിസ്ത്യൻമിഷണറിമാർ മതപ്രചാരണത്തോടൊപ്പം നമ്മുടെ വിശ്വാസങ്ങളെയും സാംസ്കാരികയുക്തികളെയും ചോദ്യംചെയ്യുന്ന പ്രവണത നിലനിറുത്തിയിരുന്നുവെന്നത് ഈ സന്ദർഭത്തിൽ സവിശേഷപരിഗണന അർഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കേവലമായ മതവിദ്വേഷം എന്ന പരിമിതാർത്ഥത്തിൽ മാത്രമായി ക്രിസ്തുമതച്ഛേദനത്തെ ചുരുക്കിക്കാണാനാവില്ല. പ്രകടിതാർത്ഥത്തിൽ മതം സവിശേഷമായിരിക്കുമ്പോൾത്തന്നെ അതിനപ്പുറമുള്ള അനേകംമാനങ്ങൾ ഈ കൃതി ഉൾക്കൊള്ളുന്നു. എത്രയോ നൂറ്റാണ്ടുകളായി ക്രിസ്തുമതം കേരളത്തിന്റെ സാംസ്കാരികഭൂമികയിൽ സ്ഥാനം നിർണയിച്ചുകഴിഞ്ഞുവെന്നു മാത്രമല്ല, നൂറ്റാണ്ടുകളായി കേരളീയതയുടെ ഭാഗമായുള്ള അതിജീവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ബഹുമതസഹവാസകേന്ദ്രമായി മാറിക്കഴിഞ്ഞ കേരളത്തിൽ ഈ കൃതികാരണം ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിൽനിന്നു പിരിഞ്ഞു ക്രിസ്തുമതവിദ്വേഷികളായിത്തീരുകയോ ഒന്നുമുണ്ടായിട്ടില്ല. ക്രിസ്തുമതത്തിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ കൃതികാരണം തടയപ്പെട്ടുവെന്നു വിശ്വസിച്ച് ആശ്വസിക്കാമെന്നല്ലാതെ അങ്ങനെ സംഭവിച്ചുവെന്നു കാണിക്കാൻ തെളിവുകൾ ലഭ്യവുമല്ല. കൃതിയുടെ പിറവിക്കുപിന്നിൽ ക്രിസ്തീയവിരോധം ഉണ്ടായിരുന്നുവെന്ന്, പ്രമേയവും ആഖ്യാനശൈലിയും ഭാഷാപ്രയോഗങ്ങളുംകൊണ്ടു സ്ഥാപിച്ചുറപ്പിച്ചാൽപോലും അത്തരത്തിലുള്ള പ്രസക്തിമാത്രമേ ഈ കൃതിക്കുള്ളോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വാമികൾ ക്രിസ്തുമതപ്രചാരകർ പ്രചരിപ്പിക്കുന്ന ആശയങ്ങളുടെ യുക്തിയുടെ സാധുതാപരിശോധനയ്ക്കാണു മുൻഗണന നല്കിയത്. അതായതു ധൈഷണികമായി പാശ്ചാത്യചിന്താധാരയുടെ യുക്തിവിചാരണയാണു സ്വാമികൾ നിർവഹിച്ചത്.

ക്രിസ്തുമതച്ഛേദനത്തിൽ രണ്ടുഭാഗങ്ങളുണ്ട്. ആദ്യഭാഗം ക്രിസ്തുമതസാരമാണ്, രണ്ടാമത്തേതു പ്രമാണവിചാരണയും. ക്രിസ്തുമതസാരം, കൃത്യനിമിത്തം, ഉപാദാനം, ആദിസൃഷ്ടി, ദുർഗ്ഗുണം, ക്രിസ്തുചരിതം, ഇനി നിഗ്രഹാനുഗ്രഹം, ത്രൈകത്വം, പശുപ്രകരണം, മൃഗാദി, പാശപ്രകരണം, ഗതിപ്രകരണം, നിരയം, മുക്തി, കുട്ടക്കൊലകൾ എന്നിങ്ങനെയാണ് അദ്ധ്യായസംവിധാനം.

ക്രിസ്തുമതസാരം ഉത്പത്തിമുതൽ കുരിശുമരണംവരെയുള്ള ബൈബിളിന്റെ സംക്ഷിപ്തമാണ്. ദൈവത്തിന്റെ രൂപം ക്രിസ്തുമതത്തിൽ നിർവചിച്ചതെങ്ങനെയെന്നു കണ്ടെത്തുന്നു 'അനാദ്യനന്തനിത്യനായി, വ്യാപകനായി, സ്വതന്ത്രനായി, അരൂപനന്മ, മേന്മ, നിറവ് മുതലായ ദിവ്യഗുണങ്ങളോടുകൂടിയവനായി പിതാവ് (യെഹോവ), പുത്രൻ (ക്രിസ്തു/യേശു), പവിത്രാത്മാവ് (പരിശുദ്ധ ആവി) എന്നു മൂന്നുപേരായ ഒരുവനാകുന്ന ദൈവം. സൃഷ്ടി, സ്ഥിതി, സംഹാരം, നിഗ്രഹം, അനുഗ്രഹം ഇവകളാണു ദൈവകൃത്യങ്ങൾ. ഇവയോരോന്നിന്റെയും സാരാംശം വെളിപ്പെടുത്തുന്നു. പാപംനീങ്ങി പരിശുദ്ധസ്ഥാനത്തിൽ പ്രവേശിച്ചു മുക്തിസ്ഥാനത്തു ശുദ്ധശരീരികളായിരുന്ന

ദേവനെ സ്തുതിച്ചുപാടി ദേവമഹിമയെ വർദ്ധിപ്പിച്ച് ദേവസന്നിധാനസുഖത്തെ നിത്യവും അനുഭവിച്ചുകൊണ്ടിരിക്കും എന്ന മുക്തിപ്രസ്താവനയോടെ ക്രിസ്തുമതസാരം വെളിപ്പെടുത്തി.

യഹോവ ലോകത്തെ സൃഷ്ടിച്ചു എന്നതിന്റെ കാര്യകാരണപരിശോധനയിൽ 'ഞാനവനെ എന്റെ മഹത്ത്വത്തിനായി സൃഷ്ടിച്ചുവെന്ന യഹോവവചനത്തെ ആസ്പദമാക്കി സ്വാർത്ഥമാണെന്നു വ്യക്തമാണു തന്നെയുമല്ല യഹോവമാത്രമാണു സൃഷ്ടിയുടെ ഉത്തരവാദിയെന്നതുകൊണ്ടു പരിശേഷയുക്തിയാൽ (സ്വാർത്ഥകത്വം) എല്ലാം യഹോവയിൽ നിക്ഷിപ്തമാണ്. ആദിപാപസങ്കല്പത്തെ ആധാരമാക്കി ക്രിസ്തുമതത്തിലെ മൂലതത്ത്വങ്ങളെ യുക്തിപരിശോധനയ്ക്കു വിധേയമാക്കി.

ദൈവത്തിനു തന്റെ മഹത്ത്വം അറിയില്ല. 'ജീവന്മാർ തന്റെ മഹിമയെ അറിഞ്ഞു ഭയപ്പെട്ടു തന്നെ സ്തുതിച്ചു വണങ്ങുന്നതിനും തന്നിമിത്തം തന്റെ മഹിമ സംപ്രകാശിക്കുന്നതിനും വേണ്ടിയാണു യഹോവ ലോകത്തെ സൃഷ്ടിച്ചത്''. പരിശേഷിയുക്തിയാലും അന്യോന്യാശ്രയദോഷമുള്ളതുകൊണ്ടും അപൂർണകർത്തൃത്വംകൊണ്ടുമെല്ലാം ദൈവകൃത്യനിമിത്തത്തെക്കുറിച്ചുള്ള പരിശോധനയിൽ ദൈവലക്ഷണമില്ലെന്നു തെളിഞ്ഞു. ഉപാദാനകാരണം (സൃഷ്ടിയുടെ ആധാരവസ്തു) കൂടാതെ ശൂന്യതയിൽനിന്നുള്ള ലോകസൃഷ്ടിയും യുക്തിവിചാരണയിൽ നിലനില്ക്കുന്നില്ല. ദൈവലക്ഷണം തെളിയിക്കുന്നില്ല. ആദിപാപത്തെക്കുറിച്ചുള്ള പ്രകരണങ്ങൾ യുക്തിസഹമല്ല, അന്യായമായ പാപവിധിയാൽ മനുഷ്യരെ ശിക്ഷിക്കുകയും അതുവഴി ആനന്ദം നഷ്ടപ്പെടുത്തുകയും ചെയ്തതിനും കാര്യകാരണപ്പൊരുത്തമില്ല. മനുഷ്യനെ ദൈവം സദൃശനായി സൃഷ്ടിച്ചതോടെ ദൈവം അരൂപിയല്ലാതായി. ദൈവം സ്വരൂപിയാണോ? ഒന്നിനും പൊരുത്തം കാണാത്തതുകൊണ്ട് ആദിസൃഷ്ടിനിരൂപണത്തിലും ദൈവലക്ഷണത്തിന്റെ അഭാവം പ്രകടമാണ്. വൈരാഗ്യം, അസൂയ, കോപം, ജീവദ്രോഹം, സ്തുതിപ്രീതി, വ്യാകുലത്വം, ദുഷ്ടത്വം, അസത്യം എന്നിവയുള്ളതായി പ്രകരണങ്ങളിൽനിന്നു വ്യക്തമാകുന്നതുകൊണ്ടു യഹോവയ്ക്കു സർവ്വജ്ഞത്വമില്ലെന്നു തെളിയുന്നു. ക്രിസ്തുചരിതത്തിൽ കാണുന്ന വൈരുദ്ധ്യങ്ങൾ ചൂണ്ടികാണിച്ചു ദിവ്യത്വമില്ലായെന്നു തെളിയിക്കാനായി. സർവജ്ഞനല്ല, ദൈവത്വമില്ല, സർവകർത്തൃത്വവും സ്വാതന്ത്ര്യവുമില്ല, നിത്യാനന്ദനുമല്ല എന്നതുകൊണ്ടു സർവ്വശക്തനല്ല സാധാരണമനുഷ്യനെപോലെ മരണഭയമുണ്ടായിരുന്നവനുമാണ്. കൂടാതെ യേശുവചനത്തിൽനിന്നു 'മറ്റുള്ളവർക്ക് ഏതാണോ ദൈവം അതു തന്നെയാണു തനിക്കും ദൈവമെന്നു യേശുവചനം ചൂണ്ടിക്കാണിക്കുന്നുണ്ട്. യേശു ദൈവമാണെന്നതിനു വാക്യപ്രമാണമില്ല. ദിവ്യജനനവും യുക്തിപൂർണമല്ല.'

യേശുവും അത്ഭുതങ്ങളും നിറയെ പറയുന്നുണ്ടെങ്കിലും പിശാചാണു യേശുവിനെ ജയിച്ചത്. യേശുവിനു പിശാചിന്റെ പരീക്ഷണങ്ങളിൽ വിജയിക്കാനാവുന്നില്ല. അതുകൊണ്ടു ദിവ്യാദ്ഭുതശേഷിയില്ല. യേശു ആരെയും

ജീവിപ്പിച്ചിട്ടില്ല. യേശുവിന്റേതു പാപബലിയല്ല. ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള പ്രകരണങ്ങളെല്ലാം പരസ്പരവിരുദ്ധം. യേശുവിനു മോക്ഷം ലഭിച്ചതായി പറയുന്നതിലൊന്നും യുക്തിയുടെ പിന്തുണയില്ല. നിഗ്രഹാനുഗ്രഹചിന്തയിലും യേശുവിനു ദൈവലക്ഷണമില്ല. പവിത്രാത്മചരിത്രത്തിലും പവിത്രാത്മാവിനും ദൈവലക്ഷണം കണ്ടെത്താനായിട്ടില്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നും ഒന്നല്ല; ദൈവലക്ഷണങ്ങളുമില്ല. എന്നിങ്ങനെ ഓരോന്നും വാക്യവിചാരണ നടത്തി യുക്തിസഹമല്ല എന്നു ന്യായവിചാരണയിലൂടെ തെളിയിക്കാൻ സ്വാമികൾക്കു കഴിഞ്ഞു.

ചുരുക്കത്തിൽ ക്രിസ്തുമതഛേദനത്തിൽ പഠനസാരം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

'മേൽവിവരിച്ച പ്രബലന്യായങ്ങളെക്കൊണ്ടു പിതാവ്, പുത്രൻ, പവിത്രാത്മാവ് ഇവർ ദൈവലക്ഷണമുള്ളവരല്ലെന്നും, ക്രിസ്തുവിന്റെ പാപബലിയും വിശ്വാസവും മുക്തിസാധനമാകയില്ലെന്നും, മുക്തിലക്ഷണവും പാപികൾ നിത്യനരകത്തെ അനുഭവിക്കുമെന്നുള്ളതും അല്പംപോലും ചേരുന്നവയല്ലെന്നും ബൈബിൾ അപ്രമാണമാണെന്നും മറ്റും നല്ലതിൻവണ്ണം സാധിക്കപ്പെട്ടിരിക്കുന്നു.'

സ്വാമികൾ പാഠഭിന്നതകളും വാക്യപ്രമാണങ്ങളും യുക്തിവൈരുദ്ധ്യങ്ങളും തെളിച്ചെടുത്താണു ക്രിസ്തുമതവ്യവഹാരത്തെ അപനിർമിച്ചത്. ന്യായവിചാരണയിൽ ക്രിസ്തുമതവ്യവഹാരത്തിന്റെ നിർമിതിയിലെ കാര്യകാരണബന്ധമില്ലായ്മയും വസ്തുനിഷ്ഠഅഭാവവും ആദിമദ്ധ്യാന്തപ്പൊരുത്തമില്ലായ്മയും ഒന്നൊന്നായി അടയാളപ്പെടുത്തി. പാഠനിഷ്ഠവും പാഠബാഹ്യവുമായ ഘടകങ്ങൾ കോർത്തിണക്കി സംഘാടനവൈപരീത്യം ആഖ്യാനത്തിൽ നിറഞ്ഞിരിക്കുന്നുവെന്നു കണ്ടെത്തി ദൈവികത്വവിചാരണ പൂർത്തിയാക്കുമ്പോൾ പൊള്ളയായ വാക്യസൃഷ്ടി മാത്രമായി ക്രിസ്തുതതത്ത്വങ്ങൾ മാറുന്നു. ആ നിലയ്ക്ക് ഈ പഠനം ഒരു വ്യവഹാരനിരൂപണവും അപനിർമിതിയും ആകുന്നു. സംവാദപാരമ്പര്യത്തിന്റെ തുടർച്ചയായും ഹേതുപരിശോധനയുടെ പ്രയോഗമായും പാശ്ചാത്യകൃതിയുടെ യുക്തിവിചാരണയുമാണു ചട്ടമ്പിസ്വാമികളിലൂടെ മലയാളത്തിൽ 1890ൽ സാദ്ധ്യമായത്. പാശ്ചാത്യരചനകൾ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുമെങ്കിലും അവയെ നിരൂപണം ചെയ്യുവിലയിരുത്തുക പതിവില്ല.

കുട്ടക്കൊലകൾ എന്നൊരു അദ്ധ്യായവും ഈ ഗ്രന്ഥത്തിലുണ്ട്. എന്നാൽ മുഖ്യപ്രമേയത്തിന്റെ ഭാഗമല്ലാത്ത ഈ ഭാഗം ക്രിസ്തുമതവ്യാപനചരിത്രത്തെക്കുറിച്ചാണ്. പ്രൊട്ടസ്റ്റന്റ് കാത്തലിക് സ്പർദ്ധയും ആക്രമണങ്ങളും കൊല്ലും കൊലയും ഇതിൽ വിവരിക്കുന്നുണ്ട്. കൂടാതെ പല കൃതികളിൽനിന്നുള്ള പരാമർശങ്ങളും ഈ അദ്ധ്യായത്തിലുണ്ട്. ക്രിസ്തുമതത്തിന്റെ വ്യാപനചരിത്രത്തിന്റെ രാഷ്ട്രീയം പ്രകടമാക്കുന്നുമുണ്ട്. ഇതിലുള്ള പരാമർശങ്ങൾ സന്ദർഭോചിതമല്ലെന്നും ഒപ്പം ഗ്രന്ഥകർത്താവിന്റെ പരിചയത്തെസ്സംബ

സ്ഥിച്ചും ദിലീപ്മേനോൻ (2015) ചില ആശങ്കകൾ പങ്കിടുന്നുണ്ട്. അതു ശരിയുമാണ്. അത്തരം പരാമർശങ്ങളുടെ സാംഗത്യത്തെക്കുറിച്ചുള്ള സംശയവും പരാമർശപുസ്തകങ്ങളുടെ ലഭ്യതയും വായനസന്ദർഭവുമൊക്കെ പുനഃപരിശോധന ആവശ്യപ്പെടുന്നുണ്ട്.

തുടർന്ന് ഈ കൃതിയുമായി ബന്ധപ്പെട്ട രണ്ടുകാര്യങ്ങൾകൂടി ചർച്ച ചെയ്യേണ്ടതുണ്ട്. ആദ്യമായി, ഒരുനിരൂപണഗ്രന്ഥമെന്ന നിലയിൽ ഈ കൃതിയുടെ സ്ഥാനം. മറ്റൊന്ന് ഈ കൃതിയുടെ കർത്തൃത്വസംബന്ധമായ ആക്ഷേപം. ലീലാതിലകത്തിനുശേഷം പ്രത്യേകിച്ച് 14-ാം നൂറ്റാണ്ടിനും 19-ാം നൂറ്റാണ്ടിനും ഇടയിൽ സാഹിത്യനിരൂപണശാഖ ഒട്ടുംതന്നെ പുഷ്ടി പ്രാപിച്ചിരുന്നില്ല. പത്തൊൻപതാംനൂറ്റാണ്ടിന്റെ അന്തത്തിൽ പുസ്തകനിരൂപണപംക്തികൾ അക്കാലത്തെ പത്രമാസികകളിൽ ആരംഭിച്ചിരുന്നു. കേരളമിത്രം (1856), കേരളപത്രിക (1884), വിദ്യാവിനോദിനി, മംഗളോദയം, രസികരഞ്ജിനി, ഭാഷാപോഷിണി എന്നിവയിലൊക്കെ പുസ്തകാഭിപ്രായങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ആദ്യകാലത്തു കണ്ടത്തിൽ വർഗീസ് മാപ്പിളയായിരുന്നു നിരൂപണപംക്തി കൈകാര്യംചെയ്തിരുന്നത്. വിദ്യാവിനോദിനിയിൽ പത്രാധിപരായിരുന്ന (1890-1895) സി പി അച്യുതമേനോൻ പുസ്തകവിമർശനം നടത്തിയിരുന്നു. തുടർന്നു വലിയകോയിത്തമ്പുരാൻ, ഏ ആർ രാജരാജവർമ, സ്വാദേശാഭിമാനി കെ രാമകൃഷ്ണപിള്ള, മൂർക്കോത്തു കുമാരൻ എന്നിങ്ങനെ നീണ്ടനിര 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലും തുടർന്നും ഈ രംഗം സജീവമാക്കിയെന്നു നമുക്കറിയാം. 1881ൽ പി ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്രം' പുറത്തുവന്നെങ്കിലും പരിഷ്കരിച്ചപതിപ്പ് 1889ൽ ലഭ്യമായി. മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രമാണിതെന്നാണ് അറിയപ്പെടുന്നത്. എന്നാൽ നിരൂപണശാഖയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ആ നിലയ്ക്കു പരിശോധിക്കുമ്പോൾ 1890ൽ പുറത്തു വന്ന ക്രിസ്തുമതഛേദനം എന്ന കൃതിയുടെ നിരൂപണസാഹിത്യമൂല്യവും സ്ഥാനവും എന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്.

മലയാളനിരൂപണത്തെക്കുറിച്ചുള്ള ചിന്തയുടെ വികാസം പുസ്തകാഭിപ്രായങ്ങളിലാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. കാവ്യവിമർശങ്ങൾ ആദ്യകാലത്തു സംസ്കൃതപാരമ്പര്യത്തെ പിന്തുടർന്നു. പൗരസ്ത്യവും പാശ്ചാത്യവുമായ മാതൃകകളുടെ സമ്മേളനത്തിലൂടെയുള്ള നിരൂപണവഴിയാണു തുടർന്നുണ്ടായത്. ഗദ്യപരിശോധനയ്ക്ക് ആംഗലേയരീതിയാണ് ഉചിതമെന്നു അപ്പൻതമ്പുരാനും അതെത്തുടർന്ന് ഏ ആർ രാജരാജവർമ്മയും നിലപാടെടുത്തു. സാഹിത്യകൃതികളുടെ ഗുണദോഷവിചിന്തനത്തിനായിരുന്നു പൊതുവിൽ മുൻഗണന ലഭിച്ചത്. വിമർശനം സാഹിത്യകൃതികളുടെ മൗലികമേഖലയായാണ് പരിഗണിച്ചത്. അതിന്നും അങ്ങനെതന്നെ തുടരുന്നു. ഗദ്യസാഹിത്യമായ ചെറുകഥയും നോവലും 1890നുമുൻപു നിരൂപണസാഹിത്യത്തിന്റെ പരിധിയിൽ വന്നിരുന്നില്ല. ബൈബിളിനെ സാഹിത്യകൃതിയായി പരി

ഗണിച്ചിരുന്നില്ല. മതഗ്രന്ഥം അക്കാലത്ത് നിരൂപണബാഹ്യമായിരുന്നു. അതുകൊണ്ടുതന്നെ അതെക്കുറിച്ചുള്ള പഠനങ്ങളും പരിഗണിക്കപ്പെട്ടില്ല. എന്നാൽ ഭാഷോത്പന്നങ്ങൾക്ക് ഓരോകാലത്തും ആരോപിക്കപ്പെടുന്ന സാഹിത്യമൂല്യം വ്യത്യസ്തമാണെന്നിരിക്കെ മതസാഹിത്യത്തെ മാറ്റിനിറുത്തേണ്ടതില്ല. എന്നുവച്ചാൽ, മലയാളത്തിലെ ആദ്യത്തെ ഗദ്യനിരൂപണം ചട്ടമ്പിസ്വാമികളുടെ ക്രിസ്തുമതച്ഛേദനം ആണെന്നു സമ്മതിക്കേണ്ടിവരും.

പൗരസ്ത്യവഴിയായ വ്യാഖ്യാനവും വിവരണാത്മകവിമർശനമാർഗമായി അക്കാലത്ത് പ്രയോജനപ്പെടുത്തിയിരുന്നു. ക്രിസ്തുമതച്ഛേദനം പൂർണമായും ഭാരതീയമായ യുക്തിവിചാരണയിലൂടെ നിരൂപണം നടത്തിയ ഗദ്യഭാഷാരൂപമാണ്. ഇന്നു സാഹിത്യനിരൂപണത്തിൽ പ്രയോഗിക്കുന്ന വ്യവഹാരാപഗ്രഥനവും അപനിർമിതിയും പൂർണമായും പ്രയോജനപ്പെടുത്തിയ വിമർശനമാണെന്നിരിക്കെ ഈ കൃതി മലയാളത്തിന്റെ നിരൂപണസാഹിത്യചർച്ചയിൽനിന്ന് ഒഴിവാക്കപ്പെടേണ്ടതല്ല. എന്നുമാത്രമല്ല, അത് ആദ്യനിരൂപണകൃതിയായി പരിഗണിക്കപ്പെടേണ്ടതുമാണ്. ഒരു വിദേശകൃതിയുടെ മലയാളനിരൂപണം 1890ൽ യാഥാർത്ഥ്യമാക്കിയെന്നതും സവിശേഷപ്രാധാന്യം അർഹിക്കുന്നു. അത്തരമൊരു സമീപനം ഭാഷയിൽ ഇന്നും അന്യമായിരിക്കുമ്പോൾ ആ നിരൂപണത്തിന്റെ പ്രാധാന്യം എന്തെന്നറിയുക.

ഈ കൃതിയെക്കുറിച്ച് അനുബന്ധമായി പരിഗണിക്കേണ്ടുന്ന മറ്റൊരുകാര്യം കർത്തൃത്വത്തെക്കുറിച്ചുള്ള സംശയമാണ്. ഷണ്മുഖദാസൻ എന്ന പേരിലാണ് ഈ കൃതി പ്രസിദ്ധംചെയ്തിരിക്കുന്നത്. ഇതു സ്വാമികളുടെ തൂലികാനാമം ആണെന്നും അല്ലെന്നും പറയാറുണ്ട്. ഇതിൽ ഒട്ടേറെ ഇംഗ്ലീഷ്പരാമർശങ്ങൾ ഉള്ളതുകൊണ്ടു സ്വാമികളുടേതല്ല ഈ രചന എന്നതാണ് മറ്റൊരുപക്ഷം. അതുകൊണ്ടാണു കർത്തൃത്വസംബന്ധമായ സംശയങ്ങളും കൂടി പരിഗണിക്കേണ്ടിവരുന്നത്. സ്വാമികളുടെ ആദ്യത്തെ രചനയാണിത് എന്നതുകൊണ്ടു പില്ക്കാലരചനകളുമായേ ഇതിനെ ഒത്തുനോക്കാനാവൂ എന്നതു പരിമിതിയാണ്. എങ്കിലും ഭാഷാശൈലിയും ആഖ്യാനരീതിയും പരിശോധിച്ചുനോക്കാവുന്നതാണ്. പൂർവപീഠികയിലെ സംബോധനവാക്യമായ 'അല്ലയോ മഹാജനങ്ങളേ!'യും അവസാനത്തെ വാക്യമായ 'ഈ ഉപന്യാസത്തിൽ യുക്തിന്യായങ്ങൾക്കോ മറ്റോ വല്ലഭംഗവും വന്നിട്ടുണ്ടെങ്കിൽ അതിനെ പരിഷ്കരിക്കുന്നതുതന്നെ മഹാന്മാരായ നിങ്ങളുടെ അനുഗ്രഹമെന്നു വിശ്വസിച്ചു ഈ പുസ്തകത്തെ നിങ്ങളുടെ ദിവ്യസന്നിധിയിൽ സമർപ്പിച്ചുകൊള്ളുന്നു' എന്നതിനും സമാനമായ പ്രയോഗം സ്വാമികളുടെ മറ്റുരചനകളിൽ കാണുന്നില്ല. ആദ്യസമാരംഭം ആയതുകൊണ്ടാകാമെന്നു സമാധാനിക്കാം. ആശയഭംഗം വരാതെ ആദിമദ്ധ്യാന്തപ്പൊരുത്തത്തോടെ സങ്കീർണമായ മഹാവാക്യങ്ങളാണു സ്വാമികളുടെ രചനാസവിശേഷതകളിലൊന്ന്. ഉദാഹരണമായി 'സൃഷ്ടികാലത്തുതന്നെ മനുഷ്യരോടു നിങ്ങൾ

സന്തതിയോടുകൂടി പലവംശക്കാരായി ഭൂമിയിൽ നിറഞ്ഞ് അതിലുള്ള സകലവസ്തുക്കളെയും പരിപാലിപ്പിൻ എന്ന് ആശീർവദിക്കുകയും മനുഷ്യർക്കു സ്ഥാവരജീവന്മാരെ ഭോജനമായിട്ടു നിയമിക്കുകയും ഏദനിലുള്ള തോട്ടത്തിൽ കാത്തുനിന്നു വേലചെയ്യുന്നതിനും തോട്ടത്തിലുള്ള സകലവിധവൃക്ഷങ്ങളെ ഭക്ഷിച്ചുകൊള്ളുവാനും ആജ്ഞാപിക്കുകയും, തോട്ടത്തിന്റെ നടുക്കുള്ള ഗുണദോഷങ്ങളെ അറിയിക്കുന്ന വൃക്ഷത്തിന്റെ കനിയെ ഭക്ഷിക്കരുതെന്നു വിലക്കുകയും, ഭക്ഷിക്കുന്നു എങ്കിൽ ആ ദിവസത്തിൽത്തന്നെ മരിക്കുമെന്ന ശിക്ഷ പറകയും ചെയ്തു'.

ഈ പ്രകാരത്തിലുള്ള വാക്യരീതി സ്വാമികളുടെ രചനകളിലെല്ലാം കാണാം. ആ രീതി ഇതിൽനിന്നു തുടങ്ങിയതാണെന്നു വ്യക്തമാകുന്നു. തർക്കികശൈലിയുടെ കാര്യവും സമാനമായിക്കാണാം. ഖണ്ഡനവിമർശനരീതിയും വ്യവഹാരപഗ്രഥനമായുള്ള വാക്യവിചാരണയും രചനാതന്ത്രവും പ്രമേയാപഗ്രഥനസമ്പ്രദായവും അപനിർമിതിയുമെല്ലാം സമാനമാണ്. ആ നിലയ്ക്കു ഈ കൃതി സ്വാമികളുടേതല്ല എന്നു സംശയിക്കുന്നതിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. സ്വാമികൾ എഴുത്തുകാരനാണെന്നതിനു തെളിവുണ്ടെന്നിരിക്കെ; മറിച്ച്, സ്വാമികളുടെ രചനകളൊന്നും അദ്ദേഹത്തിന്റേതല്ല മറ്റാരുടേതോ ആണെന്നു വാദിക്കണമെങ്കിൽ അതിനു സ്വാമികളുടെ ഇംഗ്ലീഷിലുള്ള പരിജ്ഞാനക്കുറവുമാത്രം ഉയർത്തിക്കാണിച്ചാൽ മതിയാവില്ല. കൂട്ടക്കൊലകൾ എന്ന അദ്ധ്യായം മറ്റാരുടെയോ നിർബന്ധവും സഹായവും കൊണ്ടെഴുതിയതാണെന്നുറപ്പിക്കാം. ഇത്തരത്തിലുള്ള സൗഹൃദസഹായം പരിശോധകരിൽനിന്ന് ഉണ്ടാവുക സ്വാഭാവികമാണ്. പ്രാചീനമലയാളം എഴുതിയതുസംബന്ധിച്ചു വടക്കൻപറവൂർനിന്നു ശ്രീതീർത്ഥപാദപരമഹംസസ്വാമികളുടെപേർക്ക് അയച്ച എഴുത്ത് ഇതിനുതെളിവാണ്. 'ഞാൻ ഈ മലയാളത്തെപ്പറ്റി അല്പം വലുതായിട്ട് ഒരു പുസ്തകം എഴുതി. അതിനെ പ്രഫസർ രങ്കസ്വാമിഅയ്യങ്കാർ മുതലായ പണ്ഡിതന്മാർ (ഇംഗ്ലീഷിലും മലയാളത്തിലും ഒന്നുപോലെ), പ്രബലന്മാരായ മലയാളിനായരുദ്യോഗസ്ഥന്മാർ, ആണറബിൾ ശങ്കരൻനായർ, ഇവരെല്ലാപേരും കണ്ടു'. എന്നതിൽനിന്ന് സ്വാമികൾ എഴുത്തുകാരാണെന്നു തെളിയുന്നു; ഒപ്പം, പരിശോധനാസഹായം ലഭിച്ചിരിക്കാനുള്ള സാദ്ധ്യതയും. പില്ക്കാലത്ത് എഴുതിച്ചേർത്തതുമാകാം. പ്രാചീനമലയാളത്തിലെ ഏഴാം അദ്ധ്യായം ഇതിനുതെളിവാണ്. അതു സ്വാമികളുടെ രചനാരീതി ഉൾക്കൊള്ളാത്ത അദ്ധ്യായമാണ്. മുഖ്യപ്രമേയത്തിൽനിന്നു മാറിയുള്ളതാണു കൂട്ടക്കൊലകൾ എന്ന അദ്ധ്യായം. സ്വാമികൾക്കു ഇംഗ്ലീഷ്പരിജ്ഞാനം ഇല്ലെന്നു രചനകളിൽ തെളിയുന്നില്ല. ജീവചരിത്രകാരുടെ കണ്ടെത്തലായതുകൊണ്ടു ശരിയായിരിക്കാം. അങ്ങനെയാണെങ്കിൽ എല്ലാരചനകളിലും മറ്റാരുടെയോ സഹായം ലഭിച്ചിട്ടുണ്ടാകാം. വളരെയധികം ഗവേഷണം ആവശ്യമായ ഒരുവിഷയമായതുകൊണ്ട് ഈ പ്രകരണം ഭാവിഗവേഷണത്തിനായി ഇവിടെ നിറുത്താം.

## ഗ്രന്ഥസൂചി

Amarthyasen, 2005, TheArgumentative Indian: writings on Indian History, Culture and Identity, London: Penguin Books.

Dlieep M Menon, 2015 WRITING HISTORY IN COLONIAL TIMES: POLEMIC AND THE RECOVERY OF SELF IN LATE NINETEENTH-CENTURY SOUTH INDIA, History and Theory, Theme Issue 53 (December 2015), xxx-xxx © Wesleyan University 2015 ISSN: 0018-2656.

Joseph Koyippally, 2015 Bible translations in Malayalam in the languages of Kerala and Lakshadweep, people's linguistic survey of India, Sreenathan&joseph koyippally (eds) NewDelhi, Orient Blackswan.

ചട്ടമ്പിസ്വാമികൾ, (1890)2015 ക്രിസ്തുമതച്ഛേദനം ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും, വാഴൂർ, തീർത്ഥപാദാശ്രമം.

ഗ്രന്ഥപ്പുര, shijualex. in

പണിക്കർ കെ എൻ, 2004 സംസ്കാരവും ദേശീയതയും, കറൻറ്ബുക്സ്, തൃശ്ശൂർ.

സ്കറിയ സക്കറിയ, 2015, മലയാളവും ഹെർമാൻഗുണ്ടർട്ടും I &II മലയാളസർവകലാശാല.

രാഘവവാരിയർ എം ആർ, 2015 കേരളീയസമൂഹം ഒരുമിഷണറിപ്രതിച്ഛായ, മലയാളവും ഹെർമൻഗുണ്ടർട്ടും I മലയാളസർവകലാശാല.